മലപ്പുറം	3
പാലക്കാട്	1
കോഴിക്കോട്	2
വയനാട്	ഇല്ല
കണ്ണൂർ	2
കാസർകോട്	ഇല്ല
ആകെ	14

പാലക്കാട് ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

1529. [2285] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ ഏതെങ്കിലും ഗവൺമെൻറ് റൂറൽ ഡിസ്പെൻസറികൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് ;

(ബി) മണ്ണാർക്കാട് താലൂക്കിൽ ഇങ്ങനെയുള്ള ഏതെങ്കിലും ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച മണ്ണാർക്കാട് താലൂക്കിൽനിന്ന് എത്ര നിർദ്ദേശങ്ങൾ വന്നിട്ടുണ്ട് ; എവിടെയെല്ലാം ;

(ഡി) ഈ വിഷയത്തിൽ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അഗളി ഡിസ്പെൻസറിയെ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെൻറർ

1530. [2287] ശ്രീ. ടി. പി പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെൻററിലെ കിടക്കകളുടെ എണ്ണം വളരെ പരിമിതമായതുകൊണ്ട് അവിടെ എത്തുന്ന രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അവിടെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക പരിമിതിമൂലം, നടപ്പുവർഷത്തെ ബഡ്ജറ്റിൽ 20 കിടക്കകളോടുകൂടിയ പുതിയ വാർഡ് പണിയുന്നതിന് വേണ്ട തുക വകയിരുത്തുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly